നബി -صلى الله عليه وسلم- ഫജ്ർ നിസ്കരിച്ചാൽ സൂര്യൻ നന്നായി
ഉദിച്ചുയരുന്നത് വരെ തന്റെ നിസ്കാര സ്ഥലത്ത് തന്നെ
ഇരിക്കുമായിരുന്നു
ജാബിർ ഇബ്നു സമുറ -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- ഫജ്ർ നിസ്കരിച്ചാൽ സൂര്യൻ നന്നായി
ഉദിച്ചുയരുന്നത് വരെ തന്റെ നിസ്കാര സ്ഥലത്ത് തന്നെ ഇരിക്കുമായിരുന്നു. അദ്ദേഹം
(ജാബിർ) പറഞ്ഞു: "സുബ്ഹ് (പ്രഭാത) നിസ്കാരം നിർവഹിച്ച സ്ഥലത്തുനിന്ന് സൂര്യൻ
ഉദിക്കുന്നത് വരെ അവിടുന്ന് എഴുന്നേൽക്കാറുണ്ടായിരുന്നില്ല. സൂര്യൻ ഉദിച്ചാൽ
അവിടുന്ന് എഴുന്നേൽക്കും. സ്വഹാബികൾ പരസ്പരം സംസാരിക്കുകയും ജാഹിലിയ്യ കാലത്തെ
(ഇസ്ലാമിന് മുൻപുള്ള കാലഘട്ടം) കാര്യങ്ങൾ അയവിറക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ
അവർ ചിരിക്കുമ്പോൾ നബി -صلى الله عليه وسلم- പുഞ്ചിരിക്കുമായിരുന്നു."
[صحيح] [رواه مسلم]
സുബ്ഹ് നിസ്കരിച്ചു കഴിഞ്ഞാൽ സൂര്യൻ നന്നായി ഉദിച്ചുയരുന്നത് വരെ താൻ നിസ്കരിച്ച
സ്ഥലത്ത് തന്നെ ഇരിക്കുക എന്നത് നബിയുടെ -صلى الله عليه وسلم- സുന്നത്തിൽ പെട്ടതാണ്. സൂര്യൻ ഉദിക്കുന്നത്
വരെ അവിടുന്ന് ആ സ്ഥലത്ത് നിന്ന് എഴുന്നേൽക്കാറുണ്ടായിരുന്നില്ല. സൂര്യൻ ഉദിച്ചാൽ
അവിടുന്ന് എഴുന്നേൽക്കും. സ്വഹാബികൾ ഇസ്ലാമിന് മുൻപുള്ള തങ്ങളുടെ ചില കാര്യങ്ങൾ
അനുസ്മരിക്കുന്ന വേളയിൽ നബി -صلى الله عليه وسلم- മൗനം പാലിക്കുമായിരുന്നു. അവർ ചിരിക്കുമ്പോൾ നബി (صلى الله عليه وسلم(
ചിലപ്പോഴെല്ലാം അവരോടൊപ്പം പുഞ്ചിരിക്കുമായിരുന്നു.
https://www.sunnah.global/hadeeth/ml/show/65411